**പതിനാലാം കേരള നിയമസഭ**
പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2735** 07.12.2018-**ലെ മറുപടിക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഭവനരഹിരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ; | (എ) യും (ബി) യും | ലൈഫ് മിഷൻ തയ്യാറാക്കിയ പട്ടിക പ്രകാരം ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 22614 ഉം പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 9143 ഉം ആണ്. വിശദാംശങ്ങൾ **അനുബന്ധമായി** ഉൾപ്പെടുത്തിയിരിക്കുന്നു. ഭൂമിയില്ലാത്ത ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ ലിസ്റ്റ് അന്തിമമാക്കിയിട്ടില്ല. |
| (ബി) | അവരിൽ വീട് വയ്ക്കുവാൻ സ്വന്തമായി ഭൂമിയില്ലാത്തവർ എത്ര എന്ന് വ്യക്തമാക്കുമോ; | | |
| (സി) | പട്ടിക വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീടും, ഭൂരഹിതരും ഭവന രഹിതരുമായ വർക്ക് ഭൂമിയുൾപ്പെടെ വീടും നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വാസയോഗ്യമായ വീടില്ലാത്ത സ്വന്തമായി ഭൂമിയുള്ള 50,000/- രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ 4 ഗഡുക്കളായി 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു.<br>ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും, കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് വാങ്ങുന്നതിന് |

| | | | |
|---|---|---|---|
| | | | 6,00,000/- രൂപയും ധനസഹായം നൽകുന്നു. ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 5 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 6 ലക്ഷം രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം നൽകി വരുന്നുണ്ട്. ഇതിനു പുറമേ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായ സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും നൽകി വരുന്നുണ്ട്. 6130 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു കഴിഞ്ഞു. ഭൂമിയും വീടും ഇല്ലാത്തവർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചയങ്ങളും നിർമ്മിച്ചു നൽകുന്നു<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 6033 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും അവയിൽ 1655 ഗുണഭോക്താക്കൾ വീടുകളുടെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി 03.03.2018-ലെ സ.ഉ.(കൈ)നം.21/2018/ പജപവവിവ ഉത്തരവ് പ്രകാരം ആവിഷ്കരിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി പരിശോധനയ്ക്ക് ശേഷം വിലനിർണ്ണയം നടത്തി വാങ്ങി വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പട്ടികജാതി വികസന വകുപ്പ്

| ക്രമ നം. | ജില്ല | ഭവനരഹിതർ |
|---|---|---|
| 1 | തിരുവനന്തപുരം | 3394 |
| 2 | കൊല്ലം | 3063 |
| 3 | പത്തനംതിട്ട | 823 |
| 4 | ആലപ്പുഴ | 1533 |
| 5 | കോട്ടയം | 826 |
| 6 | ഇടുക്കി | 3145 |
| 7 | എറണാകുളം | 1395 |
| 8 | തൃശ്ശൂർ | 2154 |
| 9 | പാലക്കാട് | 2464 |
| 10 | മലപ്പുറം | 1494 |
| 11 | കോഴിക്കോട് | 1181 |
| 12 | വയനാട് | 574 |
| 13 | കണ്ണൂർ | 191 |
| 14 | കാസർഗോഡ് | 377 |
| | **ആകെ** | **22614** |

## പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നം. | ജില്ല | ഭവനരഹിതർ |
|---|---|---|
| 1 | തിരുവനന്തപുരം | 293 |
| 2 | കൊല്ലം | 131 |
| 3 | പത്തനംതിട്ട | 52 |
| 4 | ആലപ്പുഴ | 91 |
| 5 | കോട്ടയം | 165 |
| 6 | ഇടുക്കി | 1284 |
| 7 | എറണാകുളം | 486 |
| 8 | തൃശ്ശൂർ | 23 |
| 9 | പാലക്കാട് | 25 |
| 10 | മലപ്പുറം | 525 |
| 11 | കോഴിക്കോട് | 134 |
| 12 | വയനാട് | 403 |
| 13 | കണ്ണൂർ | 977 |
| 14 | കാസർഗോഡ് | 4554 |
| | **ആകെ** | **9143** |

സെക്ഷൻ ഓഫീസർ